**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** — **04-02-2026 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കായിക വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തിരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കാമോ? | (എ) | മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | മരുത റോഡ് ഗവ. ടെക്ക്നിക്കൽ എച്ച്.എസ് ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം | 300 | 04.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 279.18 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ശ്രീ. സിനോയ്. പി.കെ എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പ്രവൃത്തിയിൽ പ്രധാനമായും സ്റ്റെപ്പ് ഗ്യാലറി, റീട്ടൈനിംഗ് വാൾ, കോമ്പൗണ്ട് വാൾ, ഫെൻസിംഗ്, കെർബ്, ചെയ്ഞ്ച് റൂം കം ടോയ്ലറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ചെയ്ഞ്ച് റൂം കം ടോയ്ലറ്റ്, ഡ്രെയിനേജ് റീട്ടൈനിംഗ് വാൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ പി.ഇ.ബി സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് നിർമ്മാണത്തിനാവശ്യമായിട്ടുള്ള മണ്ണും, മണലും അരിച്ചതിനു ശേഷം സൈറ്റിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. നിലവിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2. | കഞ്ചിക്കോട് ഗവ. എച്ച്.എസിലെ സ്റ്റേഡിയം നിർമ്മാണം | 150 | 23.02.2023 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 139.12 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് |

| | | | |
|---|---|---|---|
| | | | ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ശ്രീ. കെ.എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, ടോയ്ലറ്റ് ബ്ലോക്ക്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഗേറ്റ് & റീട്ടൈനിംഗ് വാൾ, ഡ്രെയിനേജ് ഫ്ളെഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റീട്ടൈനിംഗ് വാൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്യാലറി, ടോയ്ലറ്റ് ബ്ലോക്ക് എന്നിവയുടെ സ്ട്രക്ചറൽ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഡെവലപ്മെൻറ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 3. | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - മരുതറോഡ് പഞ്ചായത്ത് കളിസ്ഥലം വികസനം | 100 | ബഹു. മലമ്പുഴ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 02.08.2024 തീയതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. ഷാജി. കെ, പാലക്കാട് എന്ന കരാറുകാരനാണ് ടി |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്‌മെന്റ്, സ്റ്റെപ്പ് ഗ്യാലറി, ഫെൻസിംഗ്, ഡ്രെയിൻ, ഇൻറർ ലോക്ക്, കോമ്പൗണ്ട് വാൾ, ടോയ്ലറ്റ് കം ചെയ്ഞ്ച് റൂം, ഫ്ളെഡ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ഫ്ളെഡ് ലൈറ്റ്, ടോയ്ലറ്റ് ബ്ലോക്കിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഡെവലപ്‌മെൻറ് പ്രവൃത്തിയുടെ ഭാഗമായി വന്ന മണ്ണ് നീക്കം ചെയ്യാൻ സാധിക്കാത്തതും ഗ്രൗണ്ടിന്റെ മുൻവശത്ത് സ്ഥിതി ചെയ്യുന്ന പഴയ ഫെൻസിംഗ് പൊളിച്ച് നീക്കം ചെയ്യുവാൻ സാധിക്കാത്തതും കാരണം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ട്. നിലവിൽ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 4. | മരുതറോഡ് ഗ്രാമപഞ്ചായത്തിലെ പടലിക്കാട് ജി.എൽ.പി.എസ് ഗ്രൗണ്ട് വികസനം | 100 | പടലിക്കാട് ജി.എൽ.പി.എസ് ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി ബഹു. മലമ്പുഴ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 92.59 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ങ/െ. വല്ലമറ്റം കൺസ്ട്രക്ഷൻസ്, എറണാകുളം |

| | | | |
|---|---|---|---|
| | | | എന്ന സ്ഥാപനമാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ കോർട്ട്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്ലിന്ത് ബീം വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഏപ്രിൽ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 5. | പാലക്കാട് ഗവ. പോളീടെക്ക്നിക്ക് കോളേജിലെ സ്റ്റേഡിയം നിർമ്മാണം | | പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജക മണ്ഡലത്തിലെ പാലക്കാട് ഗവ. പോളീടെക്ക്നിക്ക് കോളേജിലെ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 2025-26 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 4.00 കോടി രൂപ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ ഭരണാനുമതി നല്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ